ഒരു കോൺഫറൻസ് നടത്തി. മാനേജ്മെന്റ് ഈ കാര്യത്തിൽ അനുകൂലമായ ഒരു നിലപാട് അല്ല എടുത്തത്. അതിനുശേഷം അടച്ചുപൂട്ടുന്നതിനുള്ള അവകാശം ഞങ്ങൾ നിഷേധിക്കുകയും അതിനെ സംബന്ധിച്ച് ട്രേഡ് യൂണിയൻ പ്രതിനിധികളുടെയെല്ലാം വാദം കേട്ടശേഷം തൊഴിൽവകുപ്പ് തന്നെ ഇക്കാര്യത്തിൽ അവരുടെ അപേക്ഷ നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഈ ഉത്തരവിനെതിരെ കമ്പനി മാനേജ്മെന്റ് 6-11-1999-ൽ ഒരു റിവ്യൂ പെറ്റീഷൻ സർക്കാരിന് സമർപ്പിച്ചു. മാനേജ്മെന്റിന്റെയും, തൊഴിലാളികളുടെയും വാദം കേട്ടശേഷം തൊഴിൽവകുപ്പു സെക്രട്ടറി റിവ്യൂ പെറ്റീഷൻ നിരസിക്കുകയും, തർക്ക സംഗതി കോഴിക്കോട് ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ അഡ്ജൂഡിക്കേഷന് അയയ്ക്കുകയും ചെയ്തു. വ്യവസായവകുപ്പു സെക്രട്ടറി തലവനായുള്ള ഒരു കമ്മിറ്റി ഫാക്ടറി തുറക്കാനുള്ള സാദ്ധ്യതകളെപ്പറ്റി പഠനം നടത്തുകയും ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഫാക്ടറി തുറന്നുപ്രവർത്തിപ്പിക്കുന്നതിനായി മാനേജ്മെന്റ് പ്രതിനിധികളുമായി വിവിധ ചർച്ചകൾ നടത്തിയിട്ടും പ്രയോജനം ഒന്നും ഉണ്ടായില്ല. ഇൻഡോറിലെ മൂൺ ലൈറ്റ് ലിമിറ്റഡ് എന്ന കമ്പനിയ്ക്ക് ഉടമസ്ഥാവകാശം കൈമാറുന്നത് സംബന്ധിച്ച് മധ്യപ്രദേശ് ഹൈക്കോടതി രജിസ്ട്രാറുടെ ഹിന്ദു ദിനപ്പത്രത്തിൽ വന്ന നോട്ടീസ് ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ അതിനെതിരായി ഒരു അഫിഡവിറ്റ് കോടതിയിൽ ഫയൽ ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യവസായ വകുപ്പു സെക്രട്ടറിതന്നെ അവിടെ പോയി ഇതിനാവശ്യമായിട്ടുള്ള കാര്യങ്ങളെല്ലാം ചെയ്തിട്ടുണ്ട്. പ്രധാനപ്പെട്ട ഒരു അഡ്വക്കേറ്റിനെ അതിനുവേണ്ടി നിയമിച്ചിട്ടുണ്ട്. എല്ലാ നിയമനടപടികളും എടുക്കുന്നതിനും, അവരെ സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ തുടർന്നും നടത്തുന്നതാണ്. ആവശ്യമാണെങ്കിൽ കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ടും ഇക്കാര്യത്തിൽ വേണ്ട കാര്യങ്ങൾ എടുക്കുന്നതാണ്.

(10) ചിറ്റൂർ ഷുഗർ ഫാക്ടറിയിൽ നിന്നും കൃഷിക്കാർക്ക് കൊടുക്കാനുള്ള തുക

ശ്രീ. കെ. അച്ചുതൻ : സർ, കേരളത്തിൽ അവശേഷിക്കുന്ന ഏക പഞ്ചസാര ഫാക്ടറിയാണ് ചിറ്റൂർ ഷുഗേഴ്സ്. അധികം താമസിയാതെ ചിറ്റൂർ കോ-ഓപ്പറേറ്റീവ് ഷുഗേഴ്സ് കൂടി ഇല്ലാതാകാൻ പോവുകയാണ്. ഈ വർഷം കരിമ്പു നൽകിയ വകയിൽ 3 കോടി 56 ലക്ഷം രൂപ ആറുമാസമായി കൃഷിക്കാർക്ക് നൽകാതിരിക്കുകയാണ്. മാനേജ്മെന്റ് പറയുന്നത് ഇ. എൻ. എ. വിറ്റ് കരിമ്പുകൃഷിക്കാർക്ക് വില നൽകാം എന്നാണ്. 3 ലക്ഷം ലിറ്റർ ഇ.എൻ.എ. കെട്ടിക്കിടപ്പുണ്ട്. ഒരു ലിറ്ററിന് 18 രൂപയാണ് വില. അത് മുഴുവൻ വിറ്റാലും കമ്പനിക്ക് കൊടുക്കാനുള്ള തുക ലഭിക്കുകയില്ല. 54 ലക്ഷം രൂപയാണ് കമ്പനിക്ക് ലഭിക്കാനുള്ളത്. 3 കോടി 56 ലക്ഷം രൂപയിൽ 54 ലക്ഷം ഒഴിച്ച് ബാക്കി എങ്ങനെ കൊടുക്കും എന്നതിനെക്കുറിച്ച് വ്യക്തമായ യാതൊരു മറുപടിയും മാനേജ്മെന്റിന്റെ ഭാഗത്തുനിന്ന് പറയുന്നില്ല. ഈ കമ്പനിയെ രക്ഷപ്പെടുത്തണമെന്ന് ഞങ്ങൾ കഴിഞ്ഞ മൂന്നു, നാലുമാസമായി നിരന്തരമായി ആവശ്യപ്പെടുന്നതാണ്. ചിറ്റൂർ ഷുഗർ മില്ലിന് വിദേശമദ്യം ഉൽപ്പാദിപ്പിക്കുന്നതിനുള്ള ലൈസൻസ് ഉണ്ട്. നാലുവർഷമായി ആവശ്യപ്പെട്ടിട്ടും മാനേജ്മെന്റ് മറ്റു വിദേശ മദ്യ കമ്പനികളുടെ

LIBRARY ARCHIVES Kerala Legislative Assembly

താൽപ്പര്യത്തിനുവേണ്ടി ചിറ്റൂർ ഷുഗേഴ്സിൽ വിദേശമദ്യം ഉണ്ടാക്കുന്നില്ല. ഇത് ഉണ്ടാക്കാൻ തുടങ്ങിയിരുന്നുവെങ്കിൽ എന്നേ ഈ കമ്പനിയെ രക്ഷപ്പെടുത്താൻ കഴിയുമായിരുന്നു. അതിന് ഇന്നേവരെ മുന്നോട്ടു വന്നില്ല. കരിമ്പു കർഷകരാണെങ്കിൽ ഭരണകക്ഷി അംഗങ്ങൾവരെ നിരാഹാര സമരം നടത്തുന്ന ഒരു സാഹചര്യമാണ്. ബാങ്കിൽ നിന്നൊക്കെ ലോൺ എടുത്തിട്ടുള്ള കരിമ്പു കർഷകർ, ജപ്തി നടപടിയെ നേരിടുന്ന ഈ സന്ദർഭത്തിൽ അവരെ രക്ഷപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. ഈ ഫാക്ടറി നിലനിർത്തേണ്ടത് ഈ നാടിന്റെ ആവശ്യമായതുകൊണ്ട് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും എക്സൈസ് വകുപ്പുമന്ത്രിയും താൽപ്പര്യമെടുത്ത് ആ കമ്പനിയിൽ നിലവിലുള്ള ലൈസൻസ് ഉപയോഗപ്പെടുത്തി വിദേശ മദ്യം നിർമ്മിക്കാൻ ഈ മാനേജ്മെന്റിൽ സമ്മർദ്ദം ചെലുത്തണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, ചിറ്റൂർ കോ-ഓപ്പറേറ്റീവ് ഷുഗേഴ്സിൽ രണ്ടായിരം ജൂലൈ മാസം ആരംഭിച്ച കരിമ്പ് ക്രഷിംഗ് സീസൺ 2001-ജനുവരി ആദ്യവാരത്തിൽ അവസാനിച്ചു. കഴിഞ്ഞ വർഷങ്ങളിലേക്കാൾ കൂടുതൽ കരിമ്പ് ഷുഗർ ഫാക്ടറിയിൽ ക്രഷ് ചെയ്തിട്ടുണ്ട്. നാളിതുവരെ ഏകദേശം ഒരു ലക്ഷത്തോളം ടൺ കരിമ്പിനായി ഏഴ് കോടിയോളം രൂപ കരിമ്പ് കർഷകർക്ക് വിലയായി നൽകിയിട്ടുണ്ട്. 2000 നവംബർ മദ്ധ്യം മുതൽ ഡിസംബർ വരെ കർഷകർ നൽകിയ കരിമ്പിനുള്ള വിലയാണ് ഇനി നൽകാൻ ബാക്കിയുള്ളത്. ഇതിനുകാരണം പഞ്ചസാരയുടെ വിലയിടിവു ആറുമാസമായി എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോൾ വിൽപ്പന തീരെയില്ലാത്തതാണ്. അതിന് ചില നടപടികൾ എടുത്തതിനെപ്പറ്റി എക്സൈസ് വകുപ്പുമന്ത്രി നിങ്ങളോട് പറയും. ആഗോളവൽക്കരണവും ഉദാരവൽക്കരണവും പഞ്ചസാര ഇറക്കുമതിയും ലെവി പി. ഡി. എസ് പഞ്ചസാരയുടെ അളവ് കേന്ദ്രസർക്കാർ കുറച്ചതും കാരണം ഓപ്പൺ മാർക്കറ്റിൽ കഴിഞ്ഞ ഒരു വർഷത്തോളമായി പഞ്ചസാര വില തുടർച്ചയായി കുറഞ്ഞിരിക്കുന്നു. ഒരു വർഷം മുമ്പ് കിന്റലിന് ശരാശരി 1,400 രൂപ മില്ലുകൾക്ക് ലഭിച്ച സ്ഥാനത്ത് ഇപ്പോൾ 1,270-ഉം 1,280 -ഉം രൂപ മാത്രമാണ് ലഭിക്കുന്നത്. അതുകൊണ്ട് മിക്കവാറും എല്ലാ പഞ്ചസാര മില്ലുകളും പ്രതിസന്ധിയിലാണ്. ഉൽപ്പാദന ചെലവ് കിന്റലിന് 1,400 രൂപയ്ക്ക് മേൽവരുന്നതാണ് ഇതിനുകാരണം. കേന്ദ്രസർക്കാർ ഒരു ടൺ കരിമ്പിന് നിശ്ചയിച്ചിരുന്ന സ്റ്റാറ്റ്യൂട്ടറി മിനിമം പ്രൈസ് 582 രൂപയാണ്. അതേസമയം കോ-ഓപ്പറേറ്റീവ് ഷുഗേഴ്സ് നല്ല ഇനങ്ങൾക്ക് 800 രൂപ അടിസ്ഥാനവിലയും ട്രാൻസ്പോർട്ട് ചാർജും പർച്ചേയ്സ് ടാക്സും കൂടിയാണ് നൽകുന്നത് ഇത് ഏകദേശം 900 രൂപയോളം വരും. പഞ്ചസാരയുടെ ഈടിൻമേൽ ബാങ്കിൽനിന്നും കൃഷ് ക്രഡിറ്റ് ലോൺ എടുത്താണ് ഫാക്ടറി കരിമ്പ് വില നൽകിവരുന്നത്. പഞ്ചസാര വില കുറവായതുകൊണ്ടും ലോൺ എടുക്കാനുള്ള തുക കുറവായതുകൊണ്ടും കൃഷിക്കാർക്ക് വിലയുടെ 80.ശതമാനം ആണ് നൽകിയിരുന്നത്. കരിമ്പിന്റെ വിലയിനത്തിൽ ഒരുവർഷം ഏകദേശം ഏഴുകോടി അറുപത് ലക്ഷം രൂപ നൽകിയിട്ടുണ്ട്. രണ്ടായിരം നവംബർ മദ്ധ്യം മുതൽ ഡിസംബർ വരെയുള്ള കരിമ്പിന്റെ വിലയാണ് നൽകാനുള്ളത്. ഇതിനായി ഉടനെ നൽകേണ്ട തുക രണ്ടു

LIBRARY ARCHIVES Kerala Legislative Assembly

കോടി എഴുപത്തിയാറു ലക്ഷം രൂപയാണ്. ക്രക്ഷിംഗ് സീസൺ ആരംഭിക്കുന്നതിനു മുൻപ് തന്നെ പഞ്ചസാര വില ഇടിഞ്ഞു തുടങ്ങിയതിനാൽ കമ്പനി ഭരണ സമിതിയുടെ തീരുമാനപ്രകാരം ടണ്ണിന് 100 രൂപ വീതം മാറ്റിവച്ചതിനുശേഷമുള്ള തുകയാണ് ഈ വർഷം കർഷകന് നൽകിയത്. ആ വകയിൽ ഒരു കോടി മുപ്പത്തിരണ്ടു ലക്ഷം രൂപ നൽകാൻ ബാക്കിയുണ്ട്. ഇത് അടുത്ത സീസൺ ആരംഭിക്കുന്നതിനുമുമ്പ് നൽകാം എന്നാണ് ഉദ്ദേശിക്കുന്നത്. ആൾക്കഹോളിന്റെ കാര്യം പറഞ്ഞാൽ ഇപ്പോൾ ട്രാവൻകൂർ ഷുഗേഴ്സിൽ ഉൽപ്പാദിപ്പിക്കുന്ന സാധനം തന്നെ വിറ്റഴിക്കാൻ വിഷമിക്കുകയാണ്. പുതിയ നയമൊക്കെ വന്നതിനുശേഷം ഒരുപക്ഷേ മാറ്റം ഉണ്ടായേക്കാം, ചിറ്റൂർ ഷുഗേഴ്സിൽ ഉണ്ടാക്കിയാൽ വിറ്റഴിക്കാൻ വിഷമമായിട്ട് വരും അതാണ് സ്ഥിതി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ചിറ്റൂർ ഷുഗേഴ്സിൽ ഇ. എൻ. എ. ഉണ്ടാക്കുന്നുണ്ട്. എക്സ്ട്രാ ന്യൂട്രൽ ആൾക്കഹോൾ അത് പ്രൈവറ്റ് സെക്ടറിലെ ഡിസ്റ്റിലറികൾ വാങ്ങിക്കണം. ഷുഗർ കെയിനിന്റെ വില കൊടുക്കണം, അതുപോലെ തൊഴിലാളികളുടെ ശമ്പളം കൊടുക്കാനും വാങ്ങിക്കാനും എന്നുപറഞ്ഞിട്ട് റിട്ടൺ ഡയറക്ഷൻ കമ്മിഷണർക്ക് കൊടുത്തു കഴിഞ്ഞു. അവിടെനിന്ന് കാട്ടയെടുത്താലേ ഇതിനുള്ള പാസ് ഉള്ളൂ എന്ന് നിർബന്ധപൂർവം എടുക്കാൻവേണ്ടി പറഞ്ഞിരിക്കുകയാണ്. പിന്നെ ലൈസൻസിന്റെ കാര്യം പറഞ്ഞു, ചിറ്റൂർ ഷുഗേഴ്സിൽ കൊല്ലം എത്രയായി ഫോറിൻ ലിക്വറിന് ലൈസൻസ് കിട്ടിയിട്ട്, കറണ്ടാണ്. സ്വകാര്യ ഡിസ്റ്റിലറിയെ സഹായിക്കാൻ എന്ന ഒരു വാക്ക് ഉപയോഗിച്ചതുകൊണ്ടാണ്. പണ്ട് സഹായിക്കണം എന്ന് ആലോചിച്ചിട്ടാണോ സർ — അവർ തുടങ്ങാത്തതിന് നമ്മൾ എന്തു ചെയ്യാനാണ്.

(11) കക്കാവ്യവസായം നേരിടുന്ന പ്രതിസന്ധി

ശ്രീ. പി. ജെ. ഫ്രാൻസിസ് : വെള്ളക്കക്കാ വ്യവസായ സഹകരണ സംഘങ്ങളിൽ നിലനിൽക്കുന്ന പ്രതിസന്ധിമൂലം കക്ക വാരി ഉപജീവനം നയിക്കുന്ന തൊഴിലാളികളും അവരുടെ കുടുംബങ്ങളും കൊടും പട്ടിണിയിലാണ്. വെച്ചൂർ, കുമരകം, കൈനഗരി തുടങ്ങിയ നാലു കക്ക വ്യവസായസഹകരണ സംഘങ്ങൾ ഇന്ന് അടച്ചുപൂട്ടലിന്റെ ഭീഷണിയിലാണ്. എന്റെ നിയോജക മണ്ഡലത്തിലെ മുഹമ്മ, കരിപ്പുറം കക്ക വ്യവസായ സഹകരണസംഘങ്ങളിൽ ഒരു ലക്ഷത്തോളം ടൺ വാട്ടുകക്കയാണ് വിറ്റഴിക്കാതെ കിടക്കുന്നത്. അവിടത്തെ തൊഴിലാളികൾക്ക് കൂലി കൊടുത്തിട്ട് മാസങ്ങൾ കഴിഞ്ഞു. ഇതിന്റെ ഒരു കാരണം ഈ മുഹമ്മ സംഘത്തിൽ നിന്ന് വിലയ്ക്കുവാങ്ങിയ റെയോൺസ് പാലക്കാട്ടിലെ എസ്. ആർ. കാർബൈഡ് ചിങ്ങവനത്തിലെ ഇലക്ട്രോണിക്സ് കെമിക്കൽസ് എന്നീ വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയത് തന്നെയാണ്. ഇതിന് മുമ്പ് മലബാർ സിമന്റ്സും ട്രാവൻകൂർ സിമന്റ്സും മൊഹമ്മ സംഘത്തിൽ നിന്ന് കക്ക വാങ്ങുമായിരുന്നു. അവരിപ്പോൾ വാങ്ങുന്നില്ല. മറ്റൊരുകാരണം റാണി, ചിത്തിര, മാർത്താണ്ഡം എന്നീ കായലുകളിൽ നിന്ന് അനധികൃതമായി കക്ക കള്ളക്കടത്ത് നടത്തുന്നു. അതു ദോഷം ചെയ്യും. മൂന്നാമത്തെ കാരണം, ചൈനയിൽ നിന്നും മറ്റും ഇറക്കുമതി ചെയ്യുന്ന കാർബൈഡിന് വില കുറവാണ്. അതുകൊണ്ട് തമിഴ്നാട്ടിൽ 16-ഉം കേരളത്തിൽ 42-ഉം ഫാക്ടറികൾ അടച്ചുപൂട്ടിയിട്ടുണ്ട്. ഈ

LIBRARY ARCHIVES Kerala Legislative Assembly